# പതിമൂന്നാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2632** **09.07.2015 ൽ മറുപടിക്ക്**

**ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>,, എം.എ. വാഹീദ്<br>,, പി.സി വിഷ്ണുനാഥ്<br>,, ലൂഡി ലൂയിസ് | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിൽ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | എ) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട് |
| ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | ബി) യാത്രക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയിലറ്റ് സൗകര്യങ്ങളോടു കൂടിയ വഴിയോര സൗകര്യങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രഥമമായ ഉദ്ദേശ്യലക്ഷ്യം. |
| സി) അമിനിറ്റീസ് സെൻററുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;<br><br>ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) & ഡി) ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററിൽ പുരുഷൻമാർക്കും സ്ത്രീകൾക്കും ശാരീരിക വൈകല്യമുള്ളവർക്കും പ്രത്യേകം പ്രത്യേകമായി ടോയിലറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണ ശാല, മെമന്റോഷോപ്പ്, വിശ്രമ സൗകര്യം, ബാങ്ക്, എ.റ്റി.എം, ലോക്കർ, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, പൂന്തോട്ടം തുടങ്ങിയവയിൽ ഓരോ സ്ഥലത്തിനും അനുയോജ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി നിശ്ചിത യൂസർ ഫീയോട് കൂടി പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ